(ബി) അത് എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1985-ൽ സംസ്ഥാനത്ത് പുതിയ അലോപ്പതി ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈമറി ഹെൽത്ത് സെന്ററുകൾ

35 [40] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള പ്രൈമറി ഹെൽത്തു സെന്ററുകൾ എത്ര ;

(ബി) പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) 199. ഇതു കൂടാതെ 100 ഗവൺമെന്റു ഡിസ്പെൻസറികളെക്കൂടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 804.

പൈ കമ്മിറ്റി റിപ്പോർട്ട്

36 [41] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൈ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞതനുസരിച്ച് താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നടപടി എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പൈ കമ്മിറ്റി ശുപാർശയനുസരിച്ച് താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടില്ല. ഇപ്പോഴുള്ള ജില്ലാ മെഡിക്കൽ സ്റ്റോറുകൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി എടുക്കുന്നതാണ്.

ആരോഗ്യ വകുപ്പിലെ വാഹനങ്ങൾ

37 [42] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ധാരാളം വാഹനങ്ങൾ നന്നാക്കുവാൻ കഴിയാത്തവിധം കേടുപാടുകൾ സംഭവിച്ച് സംസ്ഥാനത്തെ പല സ്ഥാപനങ്ങളുടെ മുൻപിലും കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ആരോഗ്യ വകുപ്പിൽ ഇന്നുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് വേണ്ടത്ര ഡ്രൈവർമാർ ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ ഡ്രൈവർമാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വാഹനങ്ങൾ യൂനിസെഫ്, കേന്ദ്ര ഗവൺമെൻറ് എന്നിവിടങ്ങളിൽ നിന്ന് കിട്ടിയിട്ടുള്ളതിനാൽ അവരുടെ അനുവാദത്തോടുകൂടി ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവ എത്രയും വേഗം ലേലം ചെയ്തു വിൽക്കുന്നതും അവിടെ നിന്നും നീക്കം ചെയ്യുന്നതുമാണ്.

(സി) ഉണ്ട്.

(ഡി) വിവിധ ജില്ലകളിലായി ഇപ്പോഴുള്ള 107 ഡ്രൈവർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരം നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇപ്പോൾ ഈ ഒഴിവുകളിലേക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്.

ചെവി കഴുകുന്നതിനു ചെന്ന കുട്ടിയെ തൊണ്ടയിൽ ഓപ്പറേഷൻ ചെയ്തു വിട്ടതായ പരാതി

38 [43] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത കാലത്ത് കോട്ടയം മെഡിക്കൽ കോളേജിൽ ചെവി കഴുകുന്നതിന് ചെന്ന 6 വയസ്സുള്ള കുട്ടിയെ തൊണ്ടയിൽ ഓപ്പറേഷൻ ചെയ്തു വിട്ടതായ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണക്കാരായവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ജോയിൻറ് ഡയറക്ടർ വിശദമായ അന്വേഷണം നടത്തിയതിനുശേഷം ഗവൺമെൻറിനു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ 16-ാം നമ്പർ വാർഡിൽ ഇടതു ചെവിയിൽ പഴുപ്പും പരുക്കളുമായി അഡ്മിറ്റു ചെയ്തിരുന്ന ഷിജി എന്ന പെൺകുട്ടിയെ സക്ഷൻക്യുറേറ്റൻസ് നടത്തിയപ്പോൾ ആ കുട്ടിക്ക് ശ്വാസതടസ്സം ഉണ്ടാകുകയും തത്ഫലമായി തുടർച്ചയായ ഛർദ്ദി ഉണ്ടായപ്പോൾ ശ്വാസതടസ്സം ഉണ്ടാകാതിരിക്കുവാനും കുട്ടിയുടെ ജീവൻ രക്ഷിക്കാനുമായി ട്രാക്കിയോ സ്റ്റൊമി ഓപ്പറേഷൻ നടത്തുകയുണ്ടായെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഒരു പോലീസ് കേസും നിലവിലുള്ളതായി അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly